# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഏപ്രിൽ 20**

---

## എം.ജി-സ്ലോവേനിയൻ സർവകലാശാല സംയുക്ത ഗവേഷണ കണ്ടെത്തലിന് പേറ്റൻറ്

ഇൻസുലേഷൻ ആവശ്യത്തിനായി ഉപയോഗിക്കുന്ന പോളിമെർ സംയുക്തങ്ങളുടെ വൈദ്യുതി പ്രസരണ പ്രതിരോധ ശേഷി വർധിപ്പിക്കുന്ന കണ്ടെത്തലിന് മഹാത്മാ ഗാന്ധി സർവകലാശാലാ മുൻ വൈസ് ചാൻസലർ ഡോ. സാബു തോമസിന്റെ നേതൃത്വത്തിലുള്ള വിദഗ്ധ സംഘത്തിന് ഇന്ത്യൻ പേറ്റൻറ്.

സർവകലാശാലയിലെ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി ഡയറക്ടർ കൂടിയായ പ്രഫ. സാബു തോമസിനൊപ്പം സ്ലോവേനിയയിലെ ജോസഫ് സ്റ്റെഫാൻ ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോ. യൂറോസ് സ്വെൽബർ, ഡോ. മിറൻ മൊസെതിക്, ഡോ. പി. ഹരിനാരായണൻ എന്നിവരും പഠനത്തിൽ പങ്കാളികളായിരുന്നു. കേന്ദ്ര സർക്കാരിന്റെ പേറ്റൻറ് ഓഫീസിൽ 2014ലാണ് അപേക്ഷ നൽകിയത്.

വൈദ്യുതോപകരണങ്ങളുടെ നിർമാണത്തിൽതന്നെ വലിയ മാറ്റത്തിന് വഴിതെളിക്കാവുന്ന കണ്ടുപിടുത്തമാണിതെന്ന് പ്രഫ. സാബു തോമസ് പറഞ്ഞു. മെറ്റൽ ഫില്ലറുകളും ഗ്ലാസ് ഫൈബറുകളും അടങ്ങുന്ന പോളിമെർ സംയുക്തങ്ങൾ ഇൻസുലേഷന് ഉപയോഗിക്കുന്നതുവഴി വൈദ്യുതി പ്രസരണ പ്രതിരോധം കൂടുതൽ കാര്യക്ഷമമാക്കാനും പ്രസരണ നഷ്ടം ഒഴിവാക്കാനും സാധിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി.

(പി.ആർ.ഒ/39/306/2024)

## പരീക്ഷാ ഫലം

മൂന്നാം സെമസ്റ്റർ എംഎസ്സി ബയോ ടെക്നോളജി(പിജിസിഎസ്എസ്-2022 അഡ്മിഷൻ റെഗുലർ, 2019, 2020, 2021 അഡ്മിഷനുകൾ സപ്ലിമെന്ററി നവംബർ 2023 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് മെയ് നാലു വരെ ഓൺലൈനിൽ അ പേക്ഷിക്കാം.

(പി.ആർ.ഒ/39/307/2024)

## പ്രാക്ടിക്കൽ

ആറാം സെമസ്റ്റർ ബി.വോക് -ബിസിനസ് അക്കൗണ്ടിംഗ് ആന്റ് ടാക് സേഷൻ, അപ്ലൈഡ് അക്കൗണ്ടിംഗ് ആന്റ് ടാക്സേഷൻ(2020 അഡ്മിഷൻ റെഗുല ർ,2108മുതൽ 2020 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് പുതിയ സ്കീം -മാർച്ച് 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഏപ്രിൽ 29 മുതൽ മെയ് രണ്ടുവരെ അതത് കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/308/2024)

## പരീക്ഷാ തീയതി

നാലാം സെമസ്റ്റർ ബി.എച്ച്.എം(2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മി ഷൻ ഇംപ്രൂവ്മെന്റ, 2020 അഡ്മിഷൻ സപ്ലിമെന്ററി പുതിയ സ്കീം) പരീക്ഷകൾ മെയ് ഏഴിന് ആരംഭിക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ

(പി.ആർ.ഒ/39/309/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**